ശ്രീ. ആർ. ശങ്കർ; പ്രത്യേകിച്ച് വ്യക്തമാക്കേണ്ടതെന്താണെന്നു് എനിക്കു് മനസ്സിലായില്ല. ട്രസ്റ്റിൽനിന്നും 15 സ്റ്റീംസ് ഗവണ്മെൻറിന്റെ പരിശോധനയ്ക്കു് അയച്ചിട്ടുണ്ടു്. അതിൽ അംഗീകരിച്ചു് നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്ന (6) എണ്ണത്തിന്റെ പേരാണു് മേശപ്പുറത്തു വച്ച പട്ടികയിൽ കാണുന്നതു്. 3 സ്റ്റീമുകളും നടപ്പിൽ വരുത്തുന്നതു് സൗകര്യപ്രദമായിരിക്കുകയില്ലെന്നുകണ്ടു് ഗവണ്മെൻറു് ഉപേക്ഷിച്ചിട്ടുണ്ടു്. വേറെ 3 സ്റ്റീമുകളും ഒന്നുകൂടി പരിശോധിച്ചശേഷം ഗവണ്മെൻറിലേക്കു് അയയ്ക്കേണ്ടതാണെന്നു പറഞ്ഞു മടക്കിക്കൊടുത്തിട്ടുണ്ടു്. ഇനി 3 സ്റ്റീമുകളും മാത്രമാണു് ഗവണ്മെൻറിന്റെ മുമ്പിൽ ആലോചനക്കിരിക്കുന്നതു്. അങ്ങനെയല്ലാതെ ആക്കേണ്ടകിലും പരാതിക്കു് അവകാശമുള്ള രീതിയിൽ ഗവണ്മെൻറു് യാതൊന്നും ചെയ്യുന്നില്ല.

ശ്രീ. കെ. ഹസ്സൻഗനി: ഹൗസിംഗ് സ്കീമിനു വേണ്ടിക്കുറെ സ്ഥലം എടുത്തിട്ടുണ്ടു്. അതു് നല്ല കെട്ടിടം വയ്ക്കാൻ സാധിക്കുന്നവർക്കു കിട്ടുകയുള്ളു എന്നു പരാതിയുണ്ടു്. അതു് എല്ലാവർക്കും കിട്ടത്തക്ക നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ആർ. ശങ്കർ: സിറ്റി ഇംപ്രൂവ്മെൻറു് സ്കീമിൽ ഇങ്ങനെ വീടിനു സ്ഥലം എടുക്കുന്നതു് വളരെ പരിമിതമാണെന്നുള്ള ബുദ്ധിമുട്ടുണ്ടു്. ആവശ്യക്കാർ നൂറിരട്ടി ഉണ്ടു്. പക്ഷെ, കൊടുക്കുന്നതു് ന്യായമായ രീതിയിൽ വേണമെന്നുള്ളതിനു് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇതുവരെ അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതികൾക്കു് സുമാർ എത്ര മതിപ്പു തുക വരുമെന്നു പറയാമോ?

ശ്രീ. ആർ. ശങ്കർ: ഇപ്പോൾ ആ വിവരം കൈവശമില്ല.

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു് ലംപ്സംഗ്രാൻറും സ്റ്റൈപ്പൻറും

✱ 877. [18] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു് കൊടുക്കുന്ന ലംപ് സംഗ്രാൻറിന്റെയും പ്രതിമാസ സ്റ്റൈപ്പൻറിന്റെയും റേറു് എത്ര വർഷത്തിൽ നിശ്ചയിക്കപ്പെട്ടതാണെന്നു വ്യക്തമാക്കുമോ;

(ബി) നിത്യോപയോഗസാധനങ്ങളുടെ എല്ലാറ്റിന്റെയും വില വളരെ ഏറെ കൂടിയിരിക്കുന്ന ഇക്കാലത്തു് വളരെ മുൻപു നിശ്ചയിക്കപ്പെട്ട പ്രതിമാസ സ്റ്റൈപ്പൻറു് കൊണ്ടു് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു് ജീവിക്കാൻ പറ്റുകയില്ലെന്നും ലംപ്സം ഗ്രാൻറുകൊണ്ടു് ആവശ്യമായ പുസ്തകവും മറ്റും വാങ്ങാൻ സാധിക്കാതെയാണിരിക്കുന്നതെന്നും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രതിമാസ സ്റ്റൈപ്പൻറും ലംപ്സം ഗ്രാൻറും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു് വർദ്ധിപ്പിച്ചു കൊടുക്കുന്ന കാര്യം ഗവണ്മെൻറു് ദയവായി പരിഗണിക്കുമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 1953-54-ൽ നിശ്ചയിക്കപ്പെട്ടതാണു്.

(ബി) ഉണ്ടു്.

(സി) നിലവിലുള്ള നിരക്കു് വർദ്ധിപ്പിക്കാൻ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: വിദ്യാർത്ഥികളിൽനിന്നും ഇതു സംബന്ധിച്ചു് മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: ഉണ്ട്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: എന്നാണ് കിട്ടിയതെന്നു പറയാമോ ?

ശ്രീ. കെ. കുഞ്ഞമ്പു: പല കൊല്ലങ്ങളിലായി കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: പ്രൈവറ്റ് കോളേജുകളിൽ പഠിക്കുന്ന ഹരിജനവിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻറ് യഥാസമയം കിട്ടുന്നില്ലെന്നു പരാതിയുണ്ട്. അതു പരിഹരിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു: പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷൻസ് പലതും ബില്ലുകൾ തക്ക സമയത്തു് അയയ്ക്കാത്തതുകൊണ്ട് ഇങ്ങനെ വരുന്നുണ്ട്. ചിലപ്പോൾ അയയ്ക്കുന്ന ബില്ലുകളിൽ തെറ്റുകൾ വരുന്നതുകൊണ്ടു തിരികെ അയയ്ക്കേണ്ടിയും വരും. ഇങ്ങനെയാണെങ്കിലും കഴിയുന്നിടത്തോളം തക്ക സമയത്തു് കൊടുക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

ശ്രീ. ഓ. കോരൻ: ഗിരിവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സ്റ്റൈപ്പൻറ് ഏറ്റവും കുറുങ്ങിയതു് എത്രയാണ് ; മലബാറിലെ പുലയർക്ക് എന്താണ് കൊടുക്കുന്നതു് ?

ശ്രീ. കെ. കുഞ്ഞമ്പു: ട്രൈബ്സിനുള്ള ആനുകൂല്യം മലബാറിലെ പുലയർക്ക് കൊടുക്കുന്നില്ല. പട്ടികജാതിക്കാർക്കുള്ള എല്ലാ സൗജന്യങ്ങളും അവർക്കും ലഭിക്കുന്നു.

അപ്ലൈഡ് Nutrition പ്രോഗ്രാം

* 878. [20] ശ്രീ. കെ. ടി. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) അപ്ലൈഡ് Nutrition പ്രോഗ്രാം നടപ്പിലാക്കാൻ തിരഞ്ഞെടുത്ത അഞ്ചു ബ്ലോക്കുകൾ ഏതെല്ലാം;

(ബി) ഈ പരിപാടി അനുസരിച്ചുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം;

(സി) എന്തെങ്കിലും പ്രവർത്തനം ആരംഭിച്ചോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) അതിയന്നൂർ, തിരുവനന്തപുരം റൂറൽ, കൊട്ടാരക്കര, ഒല്ലൂക്കര, തളിപ്പറമ്പ് എന്നീ 5 ബ്ലോക്കുകളാണ് തെരഞ്ഞെടുത്തിട്ടുള്ളതു്.

(ബി) പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദമായ ഒരു നോട്ട് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(സി) ഉവ്വു്. ഇതേവരെയുള്ള പ്രവർത്തനങ്ങളിലെ വിശദവിവരങ്ങൾ മേശപ്പുറത്തു വച്ചിട്ടുണ്ട്. †

ശ്രീ. കെ. ടി. തോമസ്: ഇതിനു് സ്റ്റോറ് ഗവണ്മെൻറിൽനിന്നും എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നും, പുറമെനിന്നും എന്തു തുക കിട്ടുമെന്നും പറയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഒരു പ്രത്യേക ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. സി. എം. കുട്ടി : ബ്ലോക്കുകൾ തെരഞ്ഞെടുക്കുന്നതിൽ എന്തു മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളതെന്നു പറയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: പൊതുവിൽ പറഞ്ഞാൽ ഈ സ്റ്റേറ്റിലെ വിവിധ ഭാഗങ്ങളിൽ ഇതിൻറെ പ്രവർത്തനം കുറെ നടത്തണമെന്നുള്ള ഉദ്ദേശത്തിലാണ് ബ്ലോക്കുകൾ തെരഞ്ഞെടുത്തിട്ടുള്ളതു്.

† Appendix III

LIBRARY ARCHIVES Kerala Legislative Assembly